# ഇ-ഗ്രാന്റ്സ് അപേക്ഷ സംബന്ധിച്ച്

പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് എന്നത് പത്താം ക്ലാസിന് ശേഷമുള്ള കോഴ്സുകൾ പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന ഒരു സാമ്പത്തിക സഹായമാണ്. നിലവിൽ, സർക്കാർ തീരുമാന പ്രകാരം, വിദൂരവിദ്യാഭ്യാസ രീതി അവലംബിക്കുന്ന സ്ഥാപനം എന്ന നിലയിൽ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ പട്ടികജാതി, പട്ടികവർഗം, ഒ.ഇ.സി., ഒ.ബി.സി(എച്ച്), ഫീഷറീസ് എന്നീ വിഭാഗങ്ങളിലുള്ള പഠിതാക്കൾക്ക് മാത്രമാണ് ഇ-ഗ്രാന്റ്സിന് അപേക്ഷിക്കാൻ അർഹതയുള്ളത്. ഒ.ബി.സി (ഈഴവ, മുസ്ലിം, തീയ്യ തുടങ്ങിയവ), ജനറൽ, മറ്റ് വിഭാഗങ്ങൾ, എന്നിവർക്ക് ഇ-ഗ്രാന്റ്സ് ലഭിക്കുന്നതല്ല. ആയതിനാൽ ഈ വിഭാഗങ്ങളിൽപെടുന്ന പഠിതാക്കൾ അപേക്ഷിക്കേണ്ടതില്ല.

## ലക്ഷ്യങ്ങൾ

- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് ഉന്നതവിദ്യാഭ്യാസം പൂർത്തിയാക്കാൻ സഹായം നൽകുക.
- വിവിധ കോഴ്സുകളിലേക്കുള്ള പ്രവേശനം പ്രോത്സാഹിപ്പിക്കുക.
- സാമൂഹികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ഉന്നമനം സാധ്യമാക്കുക.

## അപേക്ഷിക്കാനുള്ള യോഗ്യതകൾ

- അപേക്ഷകൻ ഇന്ത്യൻ പൗരനായിരിക്കണം.
- വർഷം 2000-ത്തിനുശേഷം ഏതെങ്കിലും ഗവ. അപ്രൂവ്ഡ് കോഴ്സുകൾ ചെയ്തവർ ആയിരിക്കണം.
- എസ്.സി., എസ്.ടി കാറ്റഗറിയിലുള്ളവർ **50** വയസ്സിന് താഴെ പ്രായമുള്ളവർ ആയിരിക്കണം.
- സർക്കാർ-പൊതുമേഖലാ സ്ഥാപന ജീവനക്കാർ, പെൻഷണർമാർ (ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ഒഴികെ) എന്നിവർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.
- വിവിധ വിഭാഗങ്ങൾക്കനുസരിച്ച് വാർഷിക കുടുംബ വരുമാനത്തിന് പരിധി നിശ്ചയിച്ചിട്ടുണ്ട്.

**<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>**

- ഇഗ്രാന്റ്സിന് അപേക്ഷിക്കുന്ന പഠിതാക്കൾ നിർബന്ധമായും Zero Balance Bank Account എടുക്കേണ്ടതാണ്. പുതുതായി പ്രവേശനം നേടുന്ന പഠിതാക്കൾ പുതുതായി തന്നെ Zero Balance Bank Account എടുക്കണം. നിലവിലുള്ള മറ്റൊരു അക്കൗണ്ടും ഇഗ്രാന്റ്സിന്റെ ആവശ്യത്തിനായി യാതൊരു കാരണവശാലും ഉപയോഗിക്കാൻ പാടില്ല. പുതുതായി എടുക്കുന്ന അക്കൗണ്ട് യാതൊരുവിധ മറ്റ് ഇടപാടുകൾക്കും ഉപയോഗിക്കുവാൻ പാടുള്ളതല്ല. SC, ST വിഭാഗത്തിൽ വരുന്ന പഠിതാക്കൾ പ്രസ്തുത അക്കൗണ്ട് നിർബന്ധമായും തങ്ങളുടെ ആധാറുമായി സീഡ് (ലിങ്ക്) ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം അവർക്ക് ഇഗ്രാന്റ്സിന്റെ കേന്ദ്ര വിഹിതം ലഭ്യമാകുന്നതല്ല.
- ഓരോ സെമസ്റ്ററിലേയും എക്സാം രജിസ്ട്രേഷനോടൊപ്പം മുകളിൽ പറഞ്ഞ അക്കൗണ്ടിന്റെ അപ്ഡേറ്റഡ് പാസ്ബുക്ക് കോപ്പിയും അപ് ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം എക്സാം ആപ്ലിക്കേഷൻ പ്രോസസ് ചെയ്യുന്നതായിരിക്കില്ല.
- <u>ഒരു പഠിതാവിന് ഓരോ അദ്ധ്യയനവർഷത്തിലും ഇഗ്രാന്റ്സായി ലഭിക്കുന്ന മുഴുവൻ തുകയും, അത് ലഭിക്കുന്ന മുറയ്ക്ക് ഉടൻ തന്നെ യൂണിവേഴ്സിറ്റിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.</u> സംസ്ഥാന, കേന്ദ്ര വിഹിതങ്ങൾ എന്ന രീതിയിൽ രണ്ട് പ്രാവശ്യമായാണ് മുഴുവൻ തുകയും ക്രെഡിറ്റാകുക. ആഴ്ചകളുടേയോ മാസങ്ങളുടേയോ വ്യത്യാസത്തിലായിരിക്കും ഈ രണ്ട് തുകകളും അക്കൗണ്ടിലെത്തുക. ആയതിനാൽ ലഭിക്കുന്ന ഇ-ഗ്രാന്റ്സ് വിഹിതം, അത് എത്രതന്നെയായാലും അക്കൗണ്ടിൽ ക്രെഡിറ്റ് ആയാൽ ഉടൻ തന്നെ പൂർണ്ണമായും, നിങ്ങളുടെ പ്രൊഫൈലിൽ ലഭ്യമാക്കുന്ന ലിങ്കിലൂടെ യൂണിവേഴ്സിറ്റിയുടെ അക്കൗണ്ടിലേക്ക് അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം, പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കി സർട്ടിഫിക്കറ്റിനായി അപേക്ഷിക്കുന്ന അവസരത്തിൽ അതുവരെ ലഭിച്ച ഇഗ്രാന്റ്സ് തുകകൾ മുഴുവനുംകൂടി ഒറ്റത്തവണ അടയ്ക്കേണ്ടതായിവരുന്നതാണ്. തങ്ങളുടെ ബാങ്ക്

അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് എടുത്ത് പരിശോധിക്കുന്നതിലൂടെ മാത്രമാണ് പണം ലഭിച്ചകാര്യം ഉറപ്പാക്കാനാകൂ.

- കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, ഡിഗ്രി സർട്ടിഫിക്കറ്റ് തുടങ്ങിയവയ്ക്കായി അപേക്ഷ സമർപ്പിക്കുന്നതിന് മുൻപ്, ഇഗ്രാന്റ്സായി പഠന കാലയളവിൽ ലഭിച്ച മുഴുവൻ തുകകൾ, യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട മറ്റ് ഏതെങ്കിലും ഫീസ് ഇനങ്ങൾ എന്നിവയുടെ തിരിച്ചടവ്, മറ്റ് ഏതെങ്കിലും വകുപ്പിലുള്ള ബാധ്യതകൾ മറ്റോ ഉണ്ടെങ്കിൽ അതും തിരിച്ചടച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അല്ലാത്തപക്ഷം മുകളിൽ സൂചിപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ യൂണിവേഴ്സിറ്റി നൽകുകയില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

**<u>ഇ-ഗ്രാന്റ്സിന് അപേക്ഷിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>**

- 2025-26 അദ്ധ്യയന വർഷം മുതൽ പുതുതായി പ്രവേശനം നേടുന്നവരും, നിലവിൽ പഠിതാക്കളായി 2025-26 വർഷത്തിൽ തുടരുന്നവരും, വരുമാനപരിധി 2.5 ലക്ഷത്തിനു താഴെ വരുന്നതും **50** വയസ്സിന് താഴെ മാത്രം പ്രായമുള്ളവരും, വർഷം 2000-ത്തിനുശേഷം ഏതെങ്കിലും ഗവ. അപ്രൂവ്ഡ് കോഴ്സുകൾ ചെയ്തവരുമായ SC, ST കാറ്റഗറിയിൽ പെടുന്ന എല്ലാ പഠിതാക്കളും നിർബന്ധമായും National Scholarship Portal (https://scholarships.gov.in/) വഴി One Time Registration (OTR) നടത്തേണ്ടത് അനിവാര്യമാണ്.
- **50** വയസ്സ് പൂർത്തിയായ പഠിതാക്കൾക്ക് OTR ചെയ്യുവാൻ സാധിക്കയില്ല. ആയതിനാൽ അപേക്ഷിക്കേണ്ടതില്ല.
- വർഷം 2000-ത്തിനുശേഷം ഏതെങ്കിലും ഗവ. അപ്രൂവ്ഡ് കോഴ്സുകൾ ചെയ്തിട്ടില്ലാത്തവർ ഇഗ്രാന്റ്സിന് അപേക്ഷിക്കേണ്ടതില്ല.
- OTR വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഒരു Reference Number ലഭിക്കുന്നതാണ്. തുടർന്ന് E-grants പോർട്ടലിൽ കയറി മെനുവിൽനിന്ന് OTR Verification എന്നുള്ളിടത്ത് ക്ലിക്ക് ചെയ്യുമ്പോൾ Reference Number ചോദിക്കും. അവിടെ നമ്പർ

കൊടുത്ത് Validate ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ OTR Successfully Validated എന്ന് കാണിക്കും. ഇത്രയും ചെയ്തെങ്കിൽ മാത്രമേ ഇ-ഗ്രാന്റ്സിനുള്ള അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയുള്ളൂ.

- മേൽ പറഞ്ഞ OTR Verification വിജയകരമായി പൂർത്തീകരിക്കാത്ത പഠിതാക്കൾ തുടർ വർഷങ്ങളിലേക്കുള്ള പ്രൊമോഷൻ ലിസ്റ്റിൽ ഉൾപ്പെടുന്നതായിരിക്കില്ല. ഇത് തുടർ വർഷങ്ങളിലെ ഇ-ഗ്രാന്റ് നഷ്ടപ്പെടാൻ ഇടവരുത്തുന്നതാണ്.

- **ഇ-ഗ്രാന്റ്സ് പോർട്ടൽ:** SC, ST, OEC, OBC(H) വിഭാഗങ്ങലിൽ ഉൾപ്പെടുന്ന പഠിതാക്കൾക്ക് ഇ-ഗ്രാന്റ്സ് പോർട്ടലായ **https://www.egrantz.kerala.gov.in** (e-grantz 3.0) വഴിയും ഫിഷറീസ് ഇഗ്രാന്റ്സ് വിഭാഗക്കാർക്ക് **https://scholarship. fisheries. kerala.gov.in** (e-grantz 2.0) എന്ന പോർട്ടൽ വഴിയും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

- ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലെ പട്ടികജാതി, പട്ടികവർഗം, ഒ.ഇ.സി., ഒ.ബി.സി(എ്ച്ച്), ഫിഷറീസ് എന്നീ വിഭാഗങ്ങളിലുള്ള പഠിതാക്കൾക്ക് മാത്രമാണ് ഇ-ഗ്രാന്റ്സിന് അപേക്ഷിക്കാൻ അർഹതയുള്ളത്.
- ജനറൽ, ഒ.ബി.സി (ഈഴവ, തീയ്യ, മുസ്ലിം തുടങ്ങിയവ), മറ്റ് വിഭാഗങ്ങൾ, എന്നിവർക്ക് ഇ-ഗ്രാന്റ്സ് ലഭിക്കുന്നതല്ല. ആയതിനാൽ ഈ വിഭാഗങ്ങളിൽപെടുന്ന പഠിതാക്കൾ അപേക്ഷിക്കേണ്ടതില്ല.
- അപേക്ഷിക്കുമ്പോൾ ആദ്യം ജില്ല സെലക്ട് ചെയ്യണം. പഠിതാവ്, പഠിക്കുന്ന എൽ.എസ്.സി ഏത് റീജിയണൽ സെന്ററിന് കീഴിലാണോ ആ റീജിയണൽ സെന്റ് പ്രവർത്തിക്കുന്ന ജില്ലയാണ് പഠിതാവിന്റെ ജില്ലയായി രേഖപ്പെടുത്തേണ്ടത്. (ഉദാഹരണത്തിന് കാസർഗോഡ് ജില്ലയിലെ എൽ.എസ്.സിയിൽ പഠിക്കുന്ന ഒരു പഠിതാവ് അദ്ദേഹത്തിന്റെ എൽ.എസ്.സി. പ്രവർത്തിക്കുന്ന ജില്ലയായി രേഖപ്പെടുത്തേണ്ടത് കണ്ണൂർ ജില്ലയാണ്. കാരണം, കണ്ണൂർ ജില്ലയിൽ ആസ്ഥാനമായുള്ള റീജിയണൽ സെന്ററിന് കീഴിലാണ് കാസറഗോഡ് ജില്ലയിലെ എൽഎസ്.സികൾ പ്രവർത്തിക്കുന്നത്.) പഠിക്കുന്ന സ്ഥാപനം എന്നിടത്ത് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഏത് റീജയണൽ സെന്ററിനു കീഴിലാണോ താങ്കൾ പഠിക്കുന്നത്, ആ റീജിയൻ സെന്ററായിരിക്കണം പഠിക്കുന്ന സ്ഥാപനമായി

സെലക്ട് ചെയ്യേണ്ടത്. അല്ലാത്തപക്ഷം അപേക്ഷ താങ്കളുടെ ആർ.സിയുടെ ഇ-ഗ്രാന്റ് പോർട്ടൽ ലോഗിഇനിൽ ലഭിക്കാതെവരികയും ആനുകൂല്യം തടസ്സപ്പെടുകയുംചെയ്യും.

പഠിക്കുന്ന സ്ഥാപനം എന്ന് ചോദിക്കുന്നിടത്ത് കൊടുക്കേണ്ട തായ സ്ഥാപന ലിസ്റ്റ് ചുവടെ

- **Sreenarayanaguru Open University Regional Centre, Kollam**
  (For Thiruvananthapuram, Kollam and Pathanamthitta Dists.)
- **Sreenarayanaguru Open University Regional Centre, Ernakulam**
  (For Alappuzha, Ernakulam, Kottayam and Idukki Dists.)
- **Sreenarayanaguru Open University Regional Centre Pattambi**
  (For Thrissur and Palakkad Dists.)
- **Sreenarayanaguru Open University Regional Centre Kozhikode**
  (For Kozhikode and Malappuram Dists.)
- **Sreenarayanaguru Open University Regional Centre Thalassery**
  (For Wayanad, Kannur and Kasaragod Dists.)

- പ്രവേശനം നേടിയ പ്രോഗ്രാം സെലക്ട് ചെയ്യുമ്പോൾ കൃതമായിതന്നെ അത് സെലക്ട് ചെയ്യുക. മൂന്ന്, നാല് വർഷ ബിരുദ കോഴ്സുകൾ സെലക്ട് ചെയ്യുമ്പോൾ പ്രത്യേക ശ്രദ്ധവേണം. (ഉദാഹരണത്തിന് ബി.എ). ഹിസ്റ്ററി, സോഷ്യോളജി, ഇംഗ്ലീഷ്, മലയാളം, ബികോം, ബി.ബി.എ) എന്നീ കോഴ്സുകൾ നാല് വർഷ പ്രോഗ്രാമുകളാണ്. എന്നാൽ മുൻ വർഷങ്ങളിൽ നടന്നുവരുന്ന ഇതേ പ്രോഗ്രാമുകളുടെ മൂന്ന് വർഷ പ്രോഗ്രാമുകളുടെ പേരും പ്രോഗ്രാം ലിസ്റ്റിൽ ലഭ്യമാണ്.)

- അപേക്ഷകർ സർക്കാർ അംഗീകരിച്ച ഒരു തിരിച്ചറിയൽ കാർഡ്, ബാങ്ക് പാസ്ബുക്ക് പേജ്, കാലാവധി കഴിയാത്ത വരുമാന സർട്ടിഫിക്കറ്റ് (ഒരു വർഷ കാലാവധി), ജാതി സർട്ടിഫിക്കറ്റ് (മൂന്ന് വർഷ കാലാവധി), അലോട്ട്മെന്റ് മെമ്മോ തുടങ്ങിയ രേഖകൾ നിർബന്ധമായും അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യേണ്ടതാണ്. ജാതി സർട്ടിഫിക്കറ്റിന് പകരമായി മറ്റ് യാതൊരു രേഖകളും പരിഗണിക്കുന്നതല്ല. ഉദാഹരണം Non Creamy Layer (NLC) സർട്ടിഫിക്കറ്റ്, എസ്.എസ്.എൽ.സി ബുക്ക് തുടങ്ങിയവ.

- SC, ST വിഭാഗത്തിൽപെടുന്ന പഠിതാക്കൾ തങ്ങളുടെ ബാങ്ക് അക്കൗണ്ടുകൾ നിർബന്ധമായും ആധാറുമായി ബന്ധിപ്പിച്ചതായി

രിക്കണം (Aadhar Seeded). പുതുതായി സീറോ ബാലൻസ് അക്കൗണ്ട് എടുക്കേണ്ടി വരികയാണെങ്കിൽ പ്രസ്തുത അക്കൗണ്ട് ആധാറുമായി ലിങ്ക് ചെയ്യേണതാണ്. അല്ലാത്തപക്ഷം ഇ-ഗ്രാന്റ് ലഭിക്കുന്നതിന് തടസ്സം നേരിടുന്നതാണ്.

- അക്ഷയ സെന്റർ, സി.എസ്.സി തുടങ്ങിയ പൊതു കേന്ദ്രങ്ങളിലൂടെ അപേക്ഷകൾ സമർപ്പിക്കുന്ന വിദ്യാർഥികൾ, അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യുന്ന രേഖകൾ തങ്ങളുടേതന്നെയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- തുടർന്ന് നിങ്ങളുടെ അപേക്ഷ പ്രിന്റ് ചെയ്ത്, അപ് ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, അടിസ്ഥാന യോഗ്യതാ സർട്ടിഫിക്കറ്റുകൾ, ആധാർ കാർഡിന്റെ പകർപ്പ് സഹിതം അതാത് റീജിയൻ സെന്ററുകളിൽ നേരിട്ടോ, തപാൽമാർഗ്ഗമോ സമർപ്പിക്കേണ്ടതാണ്.
- ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പഠിതാക്കൾ, അവരുടെ ആദ്യ സെമസ്റ്ററിൽ മാത്രമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. തുടർന്നുള്ള വർഷങ്ങളിൽ വീണ്ടും അപേക്ഷിക്കേണ്ടതില്ല. ഇയർ പ്രൊമോഷൻ യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നാണ് ചെയ്യുന്നതാണ്. ആദ്യ വർഷം/വർഷങ്ങളിൽ അപേക്ഷിക്കാൻ കഴിയാതെ പോകുന്ന പഠിതാക്കൾക്ക് തുടർന്നുള്ള വർഷം പ്രസ്തുത വർഷത്തേക്കുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. കഴിഞ്ഞു പോയ വർഷങ്ങളിലേക്കുള്ള അപേക്ഷ സ്വീകരിക്കുന്നതല്ല.
- എല്ലാ പഠിതാക്കളും ഒരോ വർഷം പൂർത്തിയാക്കുമ്പോഴും (രണ്ട് സെമസ്റ്ററുകൾ), ഇഗ്രാന്റ്സ് പോർട്ടലിലെ (**https://www.egrantz.kerala.gov.in)** Track Application ഓപ്ഷൻ വഴി തങ്ങളുടെ അപേക്ഷ അടുത്ത വർഷത്തേക്ക് പ്രൊമോട്ട് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ഉടൻ തന്നെ അതാത് റീജിയണൽ സെന്ററിൽ അറിയിക്കേണ്ടതാണ്. SC, ST വിഭാഗങ്ങളിൽ വരുന്ന, OTR ചെയ്ത് വാലിഡേറ്റ് ചെയ്തിട്ടില്ലാത്ത പഠിതാക്കളുടെ പേര് പ്രൊമോഷൻ ലിസ്റ്റിൽ കാണിക്കുന്നതല്ല. പോർട്ടലിൽ ലോഗ് ഇൻ ചെയ്യാതെ തന്നെ, പോർട്ടൽ ലാൻഡിംഗ് പേജിൽ തന്നെ ഏറ്റവും താഴെയായി കാണുന്ന Track Application ബട്ടണിൽ ക്ലിക് ചെയ്ത്

ആധാർ നമ്പരും ജനന തീയതിയും നൽകി ആപ്ലിക്കേഷൻ ട്രാക്ക് ചെയ്യുവാൻ സാധിക്കുന്നതാണ്.

- അപേക്ഷിക്കാനുള്ള അവസാന തീയതി, വരുമാന പരിധി, യോഗ്യതാ മാനദണ്ഡങ്ങൾ തുടങ്ങിയവയിൽ കാലോചിതമായ മാറ്റങ്ങളുണ്ടാവാം. അതിനാൽ, അപേക്ഷിക്കുന്നതിനുമുമ്പ് ഔദ്യോഗിക വെബ്സൈറ്റുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കേണ്ടത് അനിവാര്യമാണ്.

**ഇ-ഗ്രാന്റ്സ് വിഭാഗം**
യൂണി. ഹെഡ്ക്വാർട്ടേഴ്സ്
കൊല്ലം